compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 06
**Tuesday, 06th January 2026**

1201 ധനു 22
**22nd Dhanu 1201**

1947 പൌഷം 16
**16th Pousha 1947**

വാല്യം 15
**Vol. XV**

നമ്പർ / **No.** **1**

## Part III

## Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/534/2025-D1. 2025 ഡിസംബർ 23.

കണ്ണൂർ ജില്ലയിലെ കുപ്പം പുഴയിൽ ആനപ്പാറ കടവിൽ 2 കുറ്റിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീ. പി. സി. കാർത്തികേയൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൻ 29-8-2019-ന് മരണപ്പെട്ടതായും, ടിയാന്റെ പിന്തുടർച്ചാവകാശികളായ 1. മകൾ ശ്രീമതി ലളിത, പി. പി., 2. മകൾ ശ്രീമതി ശശികല, പി. കെ., 3. മകൻ ശ്രീ. രഘു, പി. പി, 4. മകൾ ശ്രീമതി അനിത അംബികേശൻ, 5. മകൻ സന്തോഷ്, പി. പി., 6. മകൾ ഷീജ എന്നിവർ ചേർന്ന് 6. മകൾ ശ്രീമതി ഷീജ, പി. കെ.-യുടെ പേർക്ക് പ്രസ്തുത കുറ്റിവലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത കുറ്റിവലകൾ ശ്രീ. പി. സി. കാർത്തികേയൻ-ന്റെ അനന്തരാവകാശികളിൽ ഒരാളും, കണ്ണൂർ ഉൾനാടൻ മത്സ്യഗ്രാമത്തിലെ 2995 അംഗത്വ നമ്പർ പ്രകാരമുള്ള മത്സ്യത്തൊഴിലാളിയും ആയ ശ്രീമതി ഷീജ, പി. കെ.-യുടെ പേരിലേക്ക് ഉടമസ്ഥാവകാശം കൈമാറുന്നതിന് ശിപാർശ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, മാടായി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉടമസ്ഥാവകാശ കൈമാറ്റത്തിന് ഈ ഓഫീസിൽ നിന്നും 23-9-2025-ലെ DDFKNR/534/2025-D1 നമ്പർ കത്ത് പ്രകാരം നിരാക്ഷേപ പത്രം നൽകുകയും, കൂടാതെ പഴയങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് 2022-ലെ പതിനാലാം നമ്പർ പുസ്തകം 16-ാം നമ്പർ വാല്യം 223 മുതൽ 230 വരെ വശങ്ങളിൽ 139-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശം ശ്രീമതി ഷീജ, പി. കെ.-യുടെ പേരിലേക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. പി. സി. കാർത്തികേയൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കുപ്പം പുഴയിൽ ആനപ്പാറ കടവിൽ 2 കുറ്റിവലകൾ ശ്രീമതി ഷീജ, പി. കെ., D/o ശ്രീ. പി. സി. കാർത്തികേയൻ, പിലാക്കൽ ഹൗസ്, പി. ഒ. പാപ്പിനിശ്ശേരി (വെസ്റ്റ്), കണ്ണൂർ എന്ന വ്യക്തിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലകളുടെ രജിസ്ട്രേഷൻ അപേക്ഷകയായ ശ്രീമതി ഷീജ, പി. കെ. എന്നവരുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫോൺ-0497 2731081.
ഇ.മെയിൽ : ddfisherieskannur@gmail.com

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്,
കണ്ണൂർ-670 017.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.06 02:57:05 +05:30